സെപ്റ്റംബർ 2021

# അമൃത്
## വാർത്താപത്രിക

ലക്കം 5



# മെഡിക്കൽ കോളേജിൽ 19.16 കോടി രൂപയുടെ മലിനജല സംസ്കരണ പ്ലാന്റ് പ്രവർത്തന സജ്ജമായി



സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ് – ഓണാഘോഷം മിഷൻ ഡയറക്ടർ ഡോ. രേണുരാജ് ഐ.എ.എസ്. തിരിതെളിച്ച് ഉദ്ഘാടനം ചെയ്യുന്നു.

# അമൃത് വാർത്താ പത്രിക

സെപ്റ്റംബർ 2021 | പുസ്തകം 1 | ലക്കം 5

**തദ്ദേശസ്വയംഭരണ വകുപ്പ്**
**കേരള സർക്കാർ**

**ചീഫ് എഡിറ്റർ**
**ഡോ.രേണു രാജ് ഐ.എ.എസ്**
മിഷൻ ഡയറക്ടർ

**എഡിറ്റർ**
**എ.എൽ. ചാൾസ്**
ഡെപ്യൂട്ടി മിഷൻ ഡയറക്ടർ

**അസിസ്റ്റന്റ് എഡിറ്റർ**
സാവിയോ സജി ഇ.ആർ.

**സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ് (അമൃത്)**
നാലാം നില, മീനാക്ഷിപ്ലാസാ,
ആർടെക് ബിൽഡിംഗ്,
ഗവ. ആശുപത്രിക്ക് എതിർവശം,
തൈയ്ക്കാട്, തിരുവനന്തപുരം - 695014
ഫോൺ നം. : +91-471-2323856,
ഫാക്സ് : +91-471-2322857
വെബ്സൈറ്റ് : www.amrutkerala.org
ഇമെയിൽ : smmukerala@gmail.com

*(സ്വകാര്യ വിതരണത്തിന് മാത്രം)*



## എഡിറ്റോറിയൽ

അമൃത് പദ്ധതി പ്രവർത്തനങ്ങൾ എല്ലാ അമൃത് നഗരങ്ങളിലും ത്വരിത ഗതിയിൽ മുന്നോട്ടുപോകുകയാണ്. കോവിഡ് പ്രതിസന്ധി സൃഷ്ടിച്ച മാന്ദ്യം ഒരു പരിധിവരെ മറികടക്കാൻ സാധിച്ചിട്ടുണ്ട്. ആകെയുള്ള 1002 പദ്ധതികളിൽ 978 പദ്ധതികളും വർക്ക് അവാർഡിംഗ് നടന്നു കഴിഞ്ഞു. ഇതിൽ 721 പദ്ധതികൾ പൂർത്തീകരിക്കാനും സാധിച്ചിട്ടുണ്ട്. ശേഷിക്കുന്ന പദ്ധതികളെല്ലാം നിർമാണ പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്. പദ്ധതി കാലയളവ് അവസാനിക്കുന്ന 2022 മാർച്ച് 31 ന് മുൻപ് തന്നെ മുഴുവൻ പദ്ധതി പ്രവർത്തനങ്ങളും പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്ന തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്ഥാപിക്കുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ഉദ്ഘാടനം 08.09.2021 നും തൃശ്ശൂരിലെ നെഹ്രു പാർക്ക് പുനരുദ്ധാരണം (0.94 കോടി രൂപ), സ്റ്റോം വാട്ടർ ഡ്രെയിനേജ് ഒന്നാം ഘട്ടം (വർക്ക് -18, 0.85 കോടി രൂപ), തൃശ്ശൂർ കോർപ്പറേഷനിലെ ജലവിതരണ സംവിധാനത്തിന്റെ സോണിംഗ് ആന്റ് മാപ്പിംഗും വിതരണ ശൃംഖല സ്ഥാപിക്കലും പാർട്ട് 1 (8 കോടി രൂപ), തൃശ്ശൂർ കോർപ്പറേഷനിലെ ശുദ്ധജല വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിലെ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കൽ (12.95 കോടി രൂപ) എന്നീ പദ്ധതികളുടെ ഉദ്ഘാടനം 20.09.2021 നും നടക്കുകയാണ്. പദ്ധതികൾ നിശ്ചയിച്ച സമയപരിധിക്കുള്ളിൽ തീർക്കാൻ സാധിച്ചത് അഭിമാനാർഹമായ നേട്ടം തന്നെയാണ്.

പാർക്ക് സെക്ടറിൽ പൂർത്തീകരിച്ച പദ്ധതികളുടെ അസസ്സ്മെന്റ് പഠനം ആരംഭിച്ചിട്ടുണ്ട്. അമൃത് ഗൈഡ്ലൈനിൽ നിഷ്ക്കർഷിച്ചിരുന്ന മാനദണ്ഡങ്ങൾ അനുസരിച്ചും തദ്ദേശവാസികൾക്കും ഗുണഭോക്താക്കൾക്കും ഗുണപ്രദമാകുന്ന രീതിയിലാണോ നവീകരണപ്രവർത്തനങ്ങളും നിർമാണവും നടത്തിയത് എന്ന് മനസ്സിലാക്കുവാനുമാണ് പഠനം നടത്തുന്നത്. എല്ലാ അമൃത് നഗരങ്ങളും ഇത്തരത്തിൽ പഠന സംഘം എത്തി പാർക്കിന്റെ നിർമാണ പ്രവർത്തനങ്ങളും നടത്തിപ്പും വിലയിരുത്തുന്നതാണ്.

ഗണ്യമായ തോതിൽ ഭൗതീക പുരോഗതി കൈവരിക്കാത്ത അമൃത് നഗരങ്ങൾ പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി, സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കാൻ പരിശ്രമിക്കേണ്ടതുണ്ട്.

മിഷൻ ഡയറക്ടർ



കോഴിക്കോട് - എസ്.കെ. പൊറ്റെക്കാട് പാർക്ക്




കണ്ണൂർ - എസ്.എൻ. പാർക്ക്

അമൃത് വാർത്താ പത്രിക

# ഉള്ളടക്കം


5 ഹരിതവും ഉത്പ്പാദനക്ഷമവും വൃത്തിയുമായി ഭൂമി ഉപയോഗിക്കൽ - ലേഖനം

8 പി.എഫ്.എം.എസ്. പരിശീലന പരിപാടി - റിപ്പോർട്ട്

9 മലിന ജല- കക്കൂസ് മാലിന്യ സംസ്കരണം പരിശീലന പരിപാടി

10 കതൃക്കടവിൽ നിന്നും പച്ചാളം ജല സംഭരണിയിലേയ്ക്ക് 500 എം.എം. പൈപ്പ് ഇടുന്ന പദ്ധതി

11 19.16 കോടി രൂപ ചെലവിൽ മലിനജല സംസ്കരണ പ്ലാന്റ് - തിരുവനന്തപുരം

13 കോഴിക്കോട് - ഗുരുവായൂർ - പാലക്കാട് പദ്ധതി റിപ്പോർട്ട്

14 കൊല്ലം - പുതിയ വാട്ടർ മീറ്റർ കണക്ഷനുകൾ

15 കണ്ണൂർ - സൈക്കിൾ ട്രാക്ക്

16 തൃശ്ശൂർ - വിവിധ പദ്ധതികൾ

17 ടുലിപ് - അനുഭവ കുറിപ്പുകൾ








പാലക്കാട് - റോസ് ഗാർഡൻ പാർക്ക്




ഗുരുവായൂർ - കോട്ടപ്പടി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്

**ലേഖനം**

# ഹരിതവും ഉത്പ്പാദനക്ഷമവും വൃത്തിയുമായി ഭൂമി ഉപയോഗിക്കൽ



## നഗര ഭൂമിയുടെ കാര്യക്ഷമമായ ഉപയോഗം



**എ.എൽ. ചാൾസ്**
**ഡെപ്യൂട്ടി മിഷൻ ഡയറക്ടർ**
**അമൃത് മിഷൻ**

കേരളം രാജ്യത്ത് ജനസാന്ദ്രതയിൽ മുൻപന്തിയിൽ നിൽക്കുന്ന ഒരു സംസ്ഥാനമാണ്. വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സ്ഥലം കണ്ടെത്തുന്നത് പോലും കേരളത്തെ സംബന്ധിച്ച് ശ്രമകരമായ ഒരു കാര്യമാണ്. ഗ്രാമ നഗര വ്യത്യാസമില്ലാതെ സ്ഥല ലഭ്യതയെ സംബന്ധിച്ച പൊതു ചിത്രം ഇതാണെങ്കിലും, കേരളത്തിലെ എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളിലും/നഗരപ്രദേശങ്ങളിലും 5 ശതമാനം മുതൽ 10 ശതമാനം വരെയുള്ള സ്ഥലങ്ങൾ തുറസ്സായും ഉപയോഗരഹിതമായും കിടക്കുകയുമാണ്. പ്രധാന റോഡുകൾക്ക് അരികെയുള്ള പല സ്ഥലങ്ങളും വർഷങ്ങളായി ഉപയോഗശൂന്യമായി കിടക്കുന്നു. തുറസ്സായും ഉപയോഗമില്ലാതെയും കിടക്കുന്ന പ്രസ്തുത സ്ഥലങ്ങൾ പലതും നാട്ടിൽ സ്ഥിരതാമസം ഇല്ലാത്തവരുടേയോ എൻ.ആർ.ഐ. ഉടമസ്ഥതയിൽ ഉള്ളവയോ ആണ്. ഇതിൽ പല സ്ഥലങ്ങളും ഇഴജന്തുക്കളുടെയും തെരുവുനായ്ക്കളുടെയും വാസസ്ഥലമാണ്, കൂടാതെ കാടുകയറിയും മാലിന്യം കുമിഞ്ഞു കൂടിയും ഉപയോഗശൂന്യമായി കിടക്കുന്ന ഈ സ്ഥലങ്ങളിൽ കൊതുകുകൾ മുട്ടയിട്ടു പെരുകുവാനും സാംക്രമിക രോഗങ്ങൾ പടരുവാനുമുള്ള സാഹചര്യമാണുള്ളത്. ഇതിന്റെ ഫലമായി നഗരപ്രദേശം വൃത്തിഹീനമാവുകയും ജനങ്ങളുടെ സ്വൈര്യ ജീവിതത്തിന് ബുദ്ധിമുട്ടും, ആരോഗ്യത്തിന് ഭീഷണിയുമാകുന്നു. ഇത്തരത്തിൽ വൃത്തിഹീനമായി കിടക്കുന്ന ഉപയോഗരഹിതമായ സ്ഥലം സമൂഹത്തിന് ഗുണപരവും ഉത്പാദനപ്രദവുമായി ഉപയോഗിക്കാനുതകുന്ന ആശയങ്ങളാണ് പങ്കുവെയ്ക്കുന്നത്.

പഴം, പച്ചക്കറി, പുഷ്പം തുടങ്ങിയവയുടെ ദൈനദിന ഉപഭോഗത്തിന് അയൽ സംസ്ഥാനങ്ങളെയാണ് നാം ആശ്രയിക്കുന്നത്. പൗരന്മാരുടെ ആരോഗ്യത്തിന് ഭീഷണിയാകും വിധം ഭൂമി തരിശ്ശിടാതിരിക്കാനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ച്, തരിശ്ശ് ഭൂമി കൃഷിക്കോ മറ്റ് ഉപയോഗപ്രദമായ കാര്യങ്ങൾക്കോ ഉപയോഗിക്കുകയാണെങ്കിൽ ഇതിനൊരു മാറ്റം ഉണ്ടാക്കാൻ സാധിക്കും. ഭൂമി തരിശ്ശിടാൻ പാടില്ലെന്ന് നാം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആവശ്യമെങ്കിൽ നിയമനിർമാണം നടത്താവുന്നതാണ്. ആദ്യം നഗര പ്രദേശങ്ങളിലും ക്രമേണ ഗ്രാമ പ്രദേശങ്ങളിലും ഈ നിയമം നടപ്പാക്കാവുന്നതാണ്. കാരണം നഗര പ്രദേശങ്ങളിൽ തരിശ്ശ് കിടക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി ഗ്രാമങ്ങളെ അപേക്ഷിച്ച് തുലോം കുറവാണ്. ഇത്തരത്തിൽ തരിശ്ശായി കിടക്കുന്ന ഭൂമിയുടെ സംരക്ഷണം സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കി, ഉടമസ്ഥർക്ക് ആവശ്യം ഉണ്ടാകുന്നതുവരെ കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, കൃഷി സഹകരണ സംഘങ്ങൾ, തൊഴിലുറപ്പ് തൊഴിലാളികൾ തുടങ്ങിയവരെ ഉപയോഗിച്ച് ഗുണപ്രദമായ രീതിയിൽ സംരക്ഷിക്കാൻ സാധിക്കും.



നഗരപ്രദേശത്തെ തുറസ്സായി കിടക്കുന്ന സ്ഥലങ്ങൾ അതാത് തദ്ദേശ നഗരഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാക്കണം. വാർഡ് കൗൺസിലർ, റസിഡൻസ് അസോസിയേഷൻ സെക്രട്ടറി, കോർപ്പറേഷൻ ഹെൽത്ത് റവന്യൂ വിഭാഗങ്ങൾ, എൻ.ജി.ഒ.കൾ, സ്ത്രീശാക്തീകരണം/ കുടുംബശ്രീ എന്നീ സ്ഥാപനങ്ങളുടെ പ്രതിനിധികൾ ഉൾപ്പെടുന്ന വാർഡ്തല/ഡിവിഷൻതല നിരീക്ഷണ സമിതികൾ രൂപീകരിച്ച് പദ്ധതിയ്ക്ക് ജനകീയത ഉറപ്പ് വരുത്തണം. വാർഡ്തല നിരീക്ഷണ സമിതികൾ രൂപീകരിച്ച് തുറസ്സായതും ഒഴിഞ്ഞു കിടക്കുന്നതുമായ സ്ഥലങ്ങൾ കണ്ടെത്തി ഉടമസ്ഥർക്ക് നോട്ടീസ് അയച്ച് ഭൂമിയുടെ ഉപയോഗം സംബന്ധിച്ച് വ്യക്തത വരുത്തി, ഭൂമിയുടെ ഉപയോഗം ആസന്ന ഭാവിയിൽ ഇല്ലെങ്കിൽ അത്തരം സ്ഥലങ്ങൾ ഉപയോഗപ്രദമാക്കുന്നതിനുള്ള പദ്ധതികൾ ഉദാഹരണത്തിന് പാർക്കിംഗ് സൗകര്യം, പ്രദർശന സ്റ്റാളുകൾ, ഭക്ഷണശാലകൾ, ഹോർട്ടികൾച്ചർ നഴ്സറി, വെജിറ്റബിൾ ഫാം, മുതലായവ നടത്തുന്നതിനുള്ള പദ്ധതികൾ നിരീക്ഷണസമിതി തയ്യാറാക്കി നടപ്പിലാക്കുക. കൂടാതെ തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് ഭൂമി വൃത്തിയാക്കി പച്ചക്കറി കൃഷി നടത്താവുന്നതാണ്.

സ്കൂളുകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഇത്തരത്തിൽ തരിശായി കിടക്കുന്ന ഭൂമിയിൽ ഖരമാലിന്യ സംസ്കരണവും ഈ പദ്ധതിയുമായി ബന്ധപ്പെടുത്തിനടത്താവുന്നതാണ്. വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണത്തിലൂടെ കുടുംബശ്രീ യൂണിറ്റുകൾക്ക് വരുമാനം നേടുവാൻ സാധിക്കും. ഇങ്ങനെയുള്ള തുറസ്സായ സ്ഥലങ്ങൾ ഉപയോഗപ്രദമാക്കുന്നതിന് മൈക്രോ ബയോഗ്യാസ് പ്ലാന്റുകൾ/കംപോസ്റ്റ് പ്ലാന്റുകൾ സ്ഥാപിച്ച് സമീപപ്രദേശങ്ങളിൽ നിന്നുള്ള ജൈവമാലിന്യങ്ങൾ സംസ്കരിക്കാവുന്നതാണ്. ബയോഗ്യാസ്/കംപോസ്റ്റ് പ്ലാന്റുകളിൽ നിന്നുള്ള സ്ലറി, റോഡിനിരുവശങ്ങളിലെയും മീഡിയനുകളിലെയും പുറമ്പോക്കുകളിലെയും ചെടികൾക്ക് വളമായി ഉപയോഗിക്കാവുന്നതാണ്. സാമ്പത്തികമായി മെച്ചപ്പെട്ട പദ്ധതികളായ പാർക്കിംഗ്, പ്രദർശന സ്റ്റാളുകൾ എന്നിവയിൽ നിന്നും ലഭ്യമാകുന്ന വരുമാനത്തിന്റെ വിഹിതം വസ്തു ഉടമകൾക്ക് നൽകാവുന്നതാണ്.





## സവിശേഷതകൾ

- ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ കൈവശാധികാരം അതത് നഗരസഭകൾക്കായിരിക്കും.
- ഉടമസ്ഥർ ആവശ്യപ്പെടുമ്പോൾ ഒരു മാസത്തിനുള്ളിൽ അവർക്ക് സ്ഥലം തിരികെ നൽകണം.
- ഏറ്റെടുക്കുന്ന സ്ഥല വികസനത്തിനായി അതിൽ സ്ഥാപിക്കുന്ന കിണർ മറ്റ് നിർമിതികൾ ഉൾപ്പടെയാണ് സ്ഥലം തിരികെ നൽകുന്നത്.
- തരിശുഭൂമി പൊതു ആവശ്യത്തിന് വിട്ടുനൽകുന്നവർ തിരികെ ഏറ്റെടുത്ത് നിർമാണ പ്രവർത്തനങ്ങളോ മറ്റ് സംരംഭങ്ങളോ ആരംഭിക്കുമ്പോൾ ആവശ്യമായി വരുന്ന അനുമതികൾക്ക് മുൻഗണനയും ഇളവുകളും ലഭിക്കും


> **ഇപ്രകാരം സ്ഥലം നഗര സഭകൾ കാര്യക്ഷമമായി ഏറ്റെടുക്കുകയാണെങ്കിൽ നമ്മുടെ നഗരങ്ങൾ വൃത്തിയുള്ളതും ഹരിതാഭവുമായി മാറും. പച്ചക്കറി ഉത്പാദനത്തിൽ സംസ്ഥാനത്തിന് സ്വയംപര്യാപ്ത നേടാൻ സാധിക്കും. കൊതുകിന്റെയും തെരുവു നായയുടെയും ശല്യം ഒഴിവാകുന്നതോടൊപ്പം മെച്ചപ്പെട്ട പൊതുജനാരോഗ്യം നില നിർത്താൻ സാധിക്കും. ഇത്തരം സ്ഥലങ്ങളിൽ ആരംഭിക്കുന്ന നവ സംരംഭങ്ങൾ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കും.**

തുറസ്സായികിടക്കുന്ന വസ്തുവിന്റെ ഉടമകൾ പരിസരം വൃത്തിയാക്കി സൂക്ഷിക്കേണ്ടതും അല്ലാത്ത പക്ഷം സ്ഥല ഉടമയിൽ നിന്നും നഗരസഭകൾക്ക് പിഴ/ഉപയോഗശൂന്യമായ സ്ഥലത്തിന് നികുതി ഈടാക്കുന്നതിനും മോണിട്ടറിംഗ് സമിതിക്ക് പ്രസ്തുതസ്ഥലം പരിശോധിക്കുന്നതിനും ഓൺ ലൈൻ മുഖാന്തിരം പരാതികൾ സ്ഥീകരിക്കുന്നതിനും നഗരസഭകൾക്ക് അധികാരം നല്കുന്ന തരത്തിൽ നിയമ പരിരക്ഷ ഉറപ്പാക്കിയാൽ മാത്രമെ ഈ പദ്ധതി ഫലപ്രാപ്തിയിലെത്തുകയുള്ളൂ. ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങൾ കോർപ്പറേഷനിൽ നിക്ഷിപ്തമാക്കുന്നതിനും കുറഞ്ഞ കാലയളവിൽ പ്രസ്തുത സ്ഥലം ഉപയോഗിച്ച് തിരികെ നല്കുന്നതിനുമുള്ള ഉറപ്പ് ഉടമസ്ഥർക്ക് നൽകേണ്ടതുണ്ട്.

ഇപ്രകാരം സ്ഥലം നഗരസഭകൾ കാര്യക്ഷമമായി ഏറ്റെടുക്കുകയാണെങ്കിൽ നമ്മുടെ നഗരങ്ങൾ വൃത്തിയുള്ളതും ഹരിതാഭവുമായി മാറും. പച്ചക്കറി ഉത്പാദനത്തിൽ സംസ്ഥാനത്തിന് സ്വയംപര്യാപ്ത നേടാൻ സാധിക്കും. കൊതുകിന്റെയും തെരുവു നായയുടെയും ശല്യം ഒഴിവാകുന്നതോടൊപ്പം മെച്ചപ്പെട്ട പൊതുജനാരോഗ്യം നില നിർത്താൻ സാധിക്കും. ഇത്തരം സ്ഥലങ്ങളിൽ ആരംഭിക്കുന്ന നവ സംരംഭങ്ങൾ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കും. പാർക്കിംഗ് സൗകര്യം മെച്ചപ്പെടുന്നതു മൂലം റോഡിലെ ഗതാഗത തടസ്സവും റോഡ് അപകടങ്ങളും ഒഴിവാക്കാൻ കഴിയും. മാലിന്യങ്ങൾ ഒഴിവാക്കുന്നതിനും തുറസ്സായ സ്ഥലം വൃത്തിയായി സംരക്ഷിക്കുന്നതിനും സഹായിക്കും. പരിസരത്തെ ഓർഗാനിക്ക്/കിച്ചൺ വേസ്റ്റുകൾ ബയോഗ്യാസ് സ്ഥാപിക്കുന്നതിലൂടെ ഒഴിവാക്കുന്നതിനും അതിൽ നിന്നുള്ള വളങ്ങൾ ഉപയോഗിച്ച് പച്ചക്കറി കൃഷി ആരംഭിക്കാവുന്നതുമാണ്. ആര്യോഗകരമായ ഓർഗാനിക്ക് വെജിറ്റബിൾ ആരോഗ്യമുള്ള സമൂഹത്തിനെ വളർത്തിയെടുക്കും. സ്ഥലം തദ്ദേശഭരണ സ്ഥാപനത്തിന്റെ അധീനതയിലാകുന്നതിനാൽ വസ്തു ഉടമകൾക്ക്, പ്രത്യേകിച്ചും NRI വസ്തു ഉടമകൾക്ക്, വസ്തു കയ്യേറ്റം, ക്രിമിനൽ സ്വഭാവമുള്ള തെറ്റായ പ്രവർത്തികൾ എന്നിവയിൽ നിന്നും സംരക്ഷണം ലഭിക്കുന്നു. നിലവിൽ ഇത്തരം സ്ഥലങ്ങൾ മിക്കവയും സാമൂഹ്യ വിരുദ്ധരുടെയും ഗുണ്ടകളുടെയും മദ്യ-മയക്കുമരുന്ന് മാഫിയകളുടെയും താവളമാകാറുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ ഇത്തരക്കാരുടെ ശല്യം ഒരു പരിധിവരെ ഒഴിവാക്കാൻ സാധിക്കും.

പദ്ധതി നടപ്പിലാക്കുന്നതിന് വലിയ സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല. മെച്ചപ്പെട്ട സാമൂഹിക അന്തരീക്ഷം നിലനിർത്തുന്നതിനും ആരോഗ്യമായ ചുറ്റുപാടുകൾ രൂപപ്പെടുത്തിയെടുക്കുന്നതിനും പുതിയ തൊഴിൽ അവസരങ്ങൾ ഒരുക്കുന്നതിനും ഈ പദ്ധതി സഹായകമാകും.






# പി.എഫ്.എം.എസ്. ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചു

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പുതുക്കിയ രീതിയിലുള്ള ധനവിനിയോഗവും മേൽനോട്ടവും പൂർണ്ണമായും പബ്ളിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം, സ്റ്റേറ്റ് നോഡൽ അക്കൗണ്ട് (പി.എഫ്.എം.എസ്.,എസ്.എൻ.എ.) മുഖേനയാണ് സംസ്ഥാനം നടത്തി വരുത്തുന്നത്. ഈ സംവിധാനം കാര്യക്ഷമമായി നടപ്പാക്കുന്നതിന്റെ ഭാഗമായി അമൃത് പദ്ധതി നടപ്പിലാക്കുന്ന നഗരസഭകൾക്കും തദ്ദേശ സ്വയംഭരണ (ആസൂത്രണ) വകുപ്പിനും പി.എഫ്.എം.എസ്. നെ കുറിച്ച് 10.08.2021 ൽ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചു. അമൃത് മിഷൻ ഡയറക്ടർ ഡോ. രേണുരാജ് ഐ.എ.എസ്. പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. പദ്ധതി നടത്തിപ്പിൽ ധനപരമായ അച്ചടക്കം കൈവരിക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനും ഈ സംവിധാനം ഉപകരിക്കുമെന്ന് മിഷൻ ഡയറക്ടർ ചൂണ്ടികാട്ടി.

15-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പദ്ധതി വിഹിതം ചെലവഴിക്കുന്നത് പബ്ളിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (പി.എഫ്.എം.എസ്.) മുഖേനയായിരിക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്നു. 2 കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പണമിടപാടുകളുടെ തൽസ്ഥിതി വിവരങ്ങൾ, ചിലവുകളുടെ ക്രോഡീകരിച്ച വിവരങ്ങൾ, വിവിധ തലങ്ങളിലുള്ള പദ്ധതി നിർവ്വഹണ ഏജൻസികളുടെ ധനവിനിയോഗ വിവരങ്ങൾ, ഗുണഭോക്താക്കൾക്ക് നേരിട്ട് പണം കൈമാറുന്നതിനുള്ള സൗകര്യങ്ങൾ എന്നീ സേവനങ്ങൾ പ്രദാനം ചെയ്യുന്ന വെബ് അധിഷ്ഠിത പോർട്ടലാണ് പി.എഫ്.എം.എസ്. സംവിധാനം. കേന്ദ്ര ധനമന്ത്രാലയത്തിന്റെ കീഴിലെ കൺട്രോളർ ജനറൽ ഓഫ് അക്കൗണ്ട്സിന്റെ കീഴിലാണ് പി.എഫ്.എം.എസ്. പ്രവർത്തിക്കുന്നത്.


സ്റ്റേറ്റ് മിഷൻ ഏജൻസി മുഖാന്തിരം പണം കൈമാറൽ, പരിധി നിശ്ചയിക്കൽ, ധനവിനിയോഗം, റിപ്പോർട്ടിംഗ് എന്നീ മേഖലകൾ കേന്ദ്രീകരിച്ചാണ് ഓൺലൈൻ പരിശീലനം നടത്തിയത്. 9 അമൃത് നഗരങ്ങളിലെയും, തദ്ദേശ സ്വയംഭരണ (ആസൂത്രണ) വകുപ്പിലെ പി.എഫ്.എം.എസ്. കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരാണ് പരിശീലനത്തിൽ പങ്കെടുത്തത്. പി.എഫ്.എം.എസ്. സംസ്ഥാന ഡയറക്ടറേറ്റിലെ അക്കൗണ്ട്സ് ഓഫീസർമാരായ ശ്രീ. രാജേഷ് അയ്യപ്പൻ, ശ്രീമതി ശോഭാ ജയൻ എന്നിവരുടെ മേൽനോട്ടത്തിൽ ടെക്നിക്കൽ അസിസ്റ്റന്റുമാരായ ശ്രീ. വിഷ്ണു, ശ്രീ. ശ്യാം പ്രസാദ് എന്നിവരാണ് പരിശീലന ക്ലാസ് കൈകാര്യം ചെയ്തത്.

സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റിലെ മുനിസിപ്പൽ ഫിനാൻസ് എക്സപർട്ട് ശ്രീ. സിജോ വി.എസ്. പരിശീലന പരിപാടിയിൽ പങ്കെടുത്ത ഉദ്യോഗസ്ഥരുമായി സംവദിക്കുകയും, പി.എഫ്.എം.എസ്. സംബന്ധിച്ച അവരുടെ സംശയങ്ങൾ ദൂരീകരിക്കുകയും ചെയ്തു. പി.എഫ.എം.എസ്. സംവിധാനത്തിന്റെ കാര്യക്ഷമമായ ഉപയോഗത്തിന് പരിശീലന പരിപാടി ഗുണകരമായി.



**"കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പണമിടപാടുകളുടെ തൽസ്ഥിതി വിവരങ്ങൾ, ചിലവുകളുടെ ക്രോഡീകരിച്ച വിവരങ്ങൾ, വിവിധ തലങ്ങളിലുള്ള പദ്ധതി നിർവ്വഹണ ഏജൻസികളുടെ ധനവിനിയോഗ വിവരങ്ങൾ, ഗുണഭോക്താക്കൾക്ക് നേരിട്ട് പണം കൈമാറുന്നതിനുള്ള സൗകര്യങ്ങൾ എന്നീ സേവനങ്ങൾ പ്രദാനം ചെയ്യുന്ന വെബ് അധിഷ്ഠിത പോർട്ടലാണ് പി.എഫ്.എം.എസ്. സംവിധാനം. കേന്ദ്ര ധനമന്ത്രാലയത്തിന്റെ കീഴിലെ കൺട്രോളർ ജനറൽ ഓഫ് അക്കൗണ്ട്സിന്റെ കീഴിലാണ് പി.എഫ്.എം.എസ്. പ്രവർത്തിക്കുന്നത്."**

# മലിന ജല- കക്കൂസ് മാലിന്യ സംസ്കരണം എന്ന വിഷയത്തിൽ 10 ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിച്ചു





കേരളത്തിലെ തദ്ദേശ നഗരസ്ഥാപനങ്ങളിൽ നിന്നും തിരഞ്ഞെടുത്ത ഉദ്യോഗസ്ഥർക്കായി മലിന ജല - കക്കൂസ് മാലിന്യ സംസ്ക്കരണം എന്ന വിഷയത്തിൽ 2021 ആഗസ്റ്റ് 2 മുതൽ ആഗസ്റ്റ് 12 വരെ 10 ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിച്ചു. കേന്ദ്ര ഭവന നഗരകാര്യ വകുപ്പ്, യു.എസ്. എയ്ഡിന്റെയും ഗേറ്റ് ഫൗണ്ടേഷന്റെയും സഹകരണത്തോടെ വാട്ടർ സാനിറ്റേഷൻ ആന്റ് ഹൈജീൻ ഇൻസ്റ്റിറ്റ്യൂട്ട് (വാഷ്) നേതൃത്വത്തിലാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്.


അമൃത് ഡെപ്യൂട്ടി മിഷൻ ഡയറക്ടർ ശ്രീ. എ.എൽ. ചാൾസ് സ്വാഗതവും പരിശീലന പരിപാടിയെ സംബന്ധിച്ച ആമുഖ പ്രസംഗവും നടത്തി. അമൃത് മിഷൻ ഡയറക്ടർ ഡോ. രേണുരാജ് ഐ.എ.എസ്. മുഖ്യപ്രഭാഷണം നടത്തി. വാഷ് ഇൻസ്റ്റിറ്റ്യൂട്ടിലെ വിദഗ്ദ്ധർ ക്ലാസ്സുകൾ കൈകാര്യം ചെയ്തു. പരിശീലനത്തിൽ പങ്കെടുത്തവർക്ക് അമൃത് മിഷൻ കപ്പാസിറ്റി ബിൽഡിംഗ് എക്സ്പർട്ട് ശ്രീമതി സതികുമാരി പി. നന്ദി പ്രകാശിപ്പിച്ചു.

അമൃത് മിഷന്റെ മുൻഗണനാ മേഖലകളിൽ ഒന്നാണ് സെപ്റ്റേജ് ആന്റ് സ്വീവേജ് മേഖല. നിലവിൽ 388.25 കോടി രൂപ ചെലവിൽ 18 സ്വീവേജ് പ്ലാന്റുകളും 23.7 കോടി രൂപ ചെലവിൽ 9 സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുമാണ് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുവാൻ ലക്ഷ്യമിടുന്നത്. ഇതിൽ 5 പ്ലാന്റുകളുടെ നിർമാണം വിവിധ ഘട്ടങ്ങളിലാണ്.

മലിനജല സംസ്കരണവും കക്കൂസ് മാലിന്യ സംസ്കരണവും വലിയ വെല്ലുവിളിയായിരിക്കുന്ന സംസ്ഥാനത്തിന് ഈ പരിശീലന പരിപാടിയിലൂടെ നൂതനമായ സാങ്കേതിക വിദ്യകൾ പരിചയപ്പെടാനും പരിശീലിക്കാനുമുള്ള അവസരം ലഭിച്ചു. നൂതനമായ സാങ്കേതിക വിദ്യകളും പ്രവർത്തന മാതൃകകളും പരിചയപ്പെടുത്തികൊണ്ടുള്ള പരിശീലന പരിപാടി ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് വളരെയധികം പ്രയോജനപ്രദമായിരുന്നു. സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റാണ് പരിശീലന പരിപാടിയുടെ സംഘാടന ചുമതല നിർവഹിച്ചത്.

**"അമൃത് മിഷന്റെ മുൻഗണനാ മേഖലകളിൽ ഒന്നാണ് സെപ്റ്റേജ് ആന്റ് സ്വീവേജ് മേഖല. നിലവിൽ 388.25 കോടി രൂപ ചെലവിൽ 18 സ്വീവേജ് പ്ലാന്റുകളും 23.7 കോടി രൂപ ചെലവിൽ 9 സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുമാണ് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുവാൻ ലക്ഷ്യമിടുന്നത്. ഇതിൽ 5 പ്ലാന്റുകളുടെ നിർമാണം വിവിധ ഘട്ടങ്ങളിലാണ്."**





കൊച്ചി

# കതൃക്കടവിൽ നിന്നും പച്ചാളം ജല സംഭരണിയിലേയ്ക്ക് 500 എം.എം. പൈപ്പ് ഇടുന്ന പദ്ധതി പൂർത്തീകരിച്ചു

അറബിക്കടലിന്റെ രാജ്ഞി എന്നറിയപ്പെടുന്ന കൊച്ചി, തടാകങ്ങളും, നദികളും, തോടുകളും കൊണ്ട് ജല സമൃദ്ധമാണ്. കേരളത്തിന്റെ മധ്യഭാഗത്ത് സ്ഥിതിചെയ്യുന്ന കൊച്ചിയ്ക്ക് സംസ്ഥാനത്തിന്റെ വാണിജ്യ സാമ്പത്തിക സാംസ്കാരിക രംഗത്ത് നിർണായക സ്വാധീനമുണ്ട്. 95 ചതുരശ്ര കി.മീ. വ്യാപിച്ചു കിടക്കുന്ന നഗരം ജനസാന്ദ്രത കൊണ്ടും നഗരവത്ക്കരണ തോതിലും കേരളത്തിൽ ഒന്നാമതാണ്. വർദ്ധിച്ചു വരുന്ന ജനസാന്ദ്രതയ്ക്ക് അനുസൃതമായി അടിസ്ഥാന ഭൗതീക സൗകര്യങ്ങൾ ഒരുക്കുക എന്നത് ഒരു വെല്ലുവിളിയാണ് പ്രത്യേകിച്ച് ശുദ്ധജല വിതരണ മേഖലയിൽ. കൊച്ചി നഗരം കുടിവെള്ളത്തിനായി പ്രധാനമായും ആശ്രയിക്കുന്നത് പെരിയാറിനെയാണ്.



ഒരു കേന്ദ്രീകൃത ജല വിതരണ സംവിധാനം കൊച്ചി നഗരത്തിൽ പ്രായോഗികമല്ല. അതുകൊണ്ടുതന്നെ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി വികേന്ദ്രീകൃത ജല വിതരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ സ്ഥലങ്ങളിൽ ഉന്നതതല ജല സംഭരണികളും ജല സംസ്കരണ കേന്ദ്രങ്ങളും സ്ഥാപിക്കുന്നതിന് പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നത്. നഗരത്തിലെ ജല വിതരണ ശൃംഖലകൾ ഭൂരിഭാഗവും അൻപത് വർഷത്തിലേറെ പഴക്കം ചെന്നവയാണ്. അതുകൊണ്ട് തന്നെ നിലവിലെ പൈപ്പ് ലൈനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതോടൊപ്പം അവയുടെ ശേഷി വർദ്ധിപ്പിക്കേണ്ടതുമുണ്ട്.

ഈ ലക്ഷ്യം മുൻനിർത്തിയാണ് കതൃക്കടവിൽ നിന്നും പച്ചാളം ശുദ്ധ ജല സംഭരണിയിലേയ്ക്ക് 500 എം.എം. പൈപ്പ് ഇടുന്ന പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതി പ്രകാരം ആലുവ പമ്പ് ഹൗസിൽ നിന്നും 1200 എം.എം. മെയിൻ പൈപ്പ് ലൈനിൽ നിന്നും കതൃക്കടവ് ജംഗ്ഷനിൽ 500 എം.എം. ഡി.ഐ. പൈപ്പ് സംയോജിപ്പിച്ച് അവിടെ നിന്നും 4.6 കി. മീ. ദൂരെയുള്ള പച്ചാളം ശുദ്ധജല സംഭരണിയിലേയ്ക്കും, പുതിയതായി അമൃത് പദ്ധതി മുഖാന്തിരം നിർമിക്കുന്ന 17 ദശലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണിയിലേയ്ക്കും ജലം എത്തിക്കുവാനാണ് ലക്ഷ്യമിടുന്നത്. 04.04.2018 ലാണ് പദ്ധതിയുടെ നിർമാണപ്രവർത്തനങ്ങൾക്ക് കരാറൊപ്പിട്ടത്. റോഡ് പുന:സ്ഥാപനം ഉൾപ്പടെ 10.7 കോടി രൂപയാണ്. എസ്റ്റിമേറ്റ് തുക. പദ്ധതിയുടെ നിർമാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞു. പദ്ധതി പൂർണ്ണ തോതിൽ കമ്മീഷൻ ചെയ്യുന്നതോടെ പച്ചാളം, വടുതല മേഖലകളിൽ ദിനംപ്രതി 12 ദശലക്ഷം ലിറ്റർ വെള്ളം എത്തിക്കാൻ സാധിക്കും. ഇതിലൂടെ ഈ പ്രദേശത്തെ ശുദ്ധജല ക്ഷാമത്തിന് പരിഹാരം കാണുവാനും കൂടുതൽ സമയം ശുദ്ധജലം ഈ പ്രദേശങ്ങളിൽ എത്തിക്കുവാനും സാധിക്കും.

**“ പച്ചാളം, വടുതല മേഖലകളിൽ ദിനംപ്രതി 12 ദശലക്ഷം ലിറ്റർ വെള്ളം എത്തിക്കാൻ സാധിക്കും. ഇതിലൂടെ ഈ പ്രദേശത്തെ ശുദ്ധജല ക്ഷാമത്തിന് പരിഹാരം കാണുവാനും കൂടുതൽ സമയം ശുദ്ധജലം ഈ പ്രദേശങ്ങളിൽ എത്തിക്കുവാനും സാധിക്കും.**



## തിരുവനന്തപുരം




# മെഡിക്കൽ കോളേജിൽ 19.16 കോടി രൂപ ചെലവിൽ മലിനജല സംസ്കരണ പ്ലാന്റ് പ്രവർത്തന സജ്ജമായി



തിരുവനന്തപുരം നഗരത്തിൽ ധാരാളം പേർ ദിനംപ്രതി വന്നുപോകുന്ന മെഡിക്കൽ കോളേജ് കാമ്പസിൽ അമൃത് പദ്ധതിയിലുൾപ്പെടുത്തി 19.16 കോടി രൂപ ചെലവിൽ ദിനം പ്രതി 5 എം.എൽ.ഡി. സംസ്കരണശേഷിയുള്ള മലിനജല സംസ്കരണ പ്ലാന്റിന്റെ നിർമാണം പൂർത്തിയായി. പ്ലാന്റ് കമ്മീഷൻ ചെയ്യുന്നതോടെ മെഡിക്കൽ കോളേജ് കാമ്പസിലെയും പരിസരപ്രദേശങ്ങളിലെയും ദ്രവമാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരമാകും.

നിലവിൽ വിവിധ സ്ഥാപനങ്ങൾ പുറന്തള്ളുന്ന ദ്രവമാലിന്യങ്ങൾ നിലവിൽ രണ്ട് കിണറുകളിൽ സംഭരിക്കുകയും അവിടെ നിന്നും പമ്പിംഗ് മുഖേന കണ്ണമ്മൂലയിൽ സ്ഥാപിച്ചിട്ടുള്ള പമ്പിംഗ് സ്റ്റേഷനിൽ എത്തിച്ച്, അവിടെ നിന്നും മലിനജലം മുട്ടത്തറ മലിനജല സംസ്കരണ പ്ലാന്റിൽ എത്തിച്ച് സംസ്കരണം നടത്തുകയുമാണ് ചെയ്യുന്നത്. കാലപ്പഴക്കം മൂലം നിലവിലെ സംഭരണ കിണറുകൾ തകരുകയും മലിനജലം സമീപപ്രദേശങ്ങളിലെ ഓടകളിലൂടെ ജലസ്രോതസ്സുകളിൽ കലർന്ന് തദ്ദേശവാസികൾക്ക് ആരോഗ്യപരവും സാമൂഹികവുമായ പ്രശ്നങ്ങൾക്ക് കാരണമാവുകയും ചെയ്തു. ഈ വിഷയം സംബന്ധിച്ച നിരവധി പ്രശ്ന പരിഹാര ചർച്ചകൾക്കൊടുവിൽ മെഡിക്കൽ കോളേജ് കാമ്പസിലെ വിവിധ സ്ഥാപനങ്ങളിൽ നിന്നും പുറന്തള്ളുന്ന ദ്രവമാലിന്യം കാമ്പസിനുള്ളിൽ തന്നെ സംസ്കരിക്കുന്നതിന് തീരുമാനിക്കുകയും അതനുസരിച്ച് കേരള വാട്ടർ അതോറിറ്റി വിശദമായ രൂപരേഖ തയ്യാറാക്കി. പദ്ധതിക്ക് 23.12.2017-ന് 19.16 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും തുടർന്ന് 25.09.2018-ന് സാങ്കേതികാനുമതി ലഭിക്കുകയും ചെയ്തു. 25.09.2019-ന് 'സായ്നാഥ് എൻവിറോടെക്' എന്ന സ്ഥാപനത്തിന് കരാർ നല്കുകയും ചെയ്തു.

**അമൃത് പദ്ധതിയിലുൾപ്പെടുത്തി 19.16 കോടി രൂപ ചെലവിൽ ദിനം പ്രതി 5 എം.എൽ.ഡി. സംസ്കരണശേഷിയുള്ള മലിനജല സംസ്കരണ പ്ലാന്റിന്റെ നിർമാണം പൂർത്തിയായി. പ്ലാന്റ് കമ്മീഷൻ ചെയ്യുന്നതോടെ മെഡിക്കൽ കോളേജ് കാമ്പസിലെയും പരിസരപ്രദേശങ്ങളിലെയും ദ്രവമാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരമാകും.**





മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചേരുന്ന രോഗികൾ, സഹായികൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് പുറംതള്ളുന്ന മാലിന്യത്തിന്റെ അളവ് നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് വിലയിരുത്തി അടുത്ത 50 വർഷത്തെ ആവശ്യം കൂടി കണക്കിലെടുത്താണ് പ്ലാന്റ് വിഭാവന ചെയ്തിട്ടുള്ളത്. ഇതനുസരിച്ച് ദിനംപ്രതി 5 ദശലക്ഷം ലിറ്റർ സംസ്കരണശേഷിയുള്ള പ്ലാന്റാണ് നിർമ്മിക്കുന്നത്.

ഇന്ത്യയിലും വിദേശത്തും പ്രവർത്തന ക്ഷമത തെളിയിച്ച MBBR സാങ്കേതികവിദ്യ അനുസരിച്ചാണ് പ്ലാന്റ് രൂപകൽപന ചെയ്തിരിക്കുന്നത്. ആശുപത്രിയിലെ ലാബിൽ നിന്നും പുറന്തള്ളുന്ന മാലിന്യം പ്ലാന്റിൽ ലഭ്യമാക്കുന്നതിന് മുമ്പ് രാസമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും പുതിയ പ്ലാന്റിൽ സംവിധാനമുണ്ട്. മലിനജല സംസ്കരണിന് കേന്ദ്രസംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ എല്ലാ മാനദണ്ഡങ്ങളും പാലിച്ചു കൊണ്ടാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. മലിനജലം ശുദ്ധീകരിച്ചശേഷം തോട്ടം നനയ്ക്കുന്നതിനും, എ.സി. ചില്ലർ യൂണിറ്റിനും, ശ്രീചിത്ര യിലെ ഫ്ളെഷിംഗ് യൂണിറ്റിനും ഉപയോഗിക്കാവുന്നതാണ്. അതോടൊപ്പം സംസ്കരിക്കുമ്പോൾ ലഭിക്കുന്ന സ്ലറി നല്ല വളമാണ്.

പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി, ട്രയൽ റൺ നടന്നുകൊണ്ടിരിക്കുന്നു. ഇതിന്റെ അനുബന്ധ ഘടകങ്ങളായ റീസൈക്ലിംഗിനു വേണ്ടിയുള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലങ്ങൾ മെഡിക്കൽ കോളേജ് അധികൃതർ കാണിച്ചു തരേണ്ടതുണ്ട്.

നിലവിലെ പമ്പ്ഹൗസ് പൊളിച്ചു മാറ്റി ടെറിഷറി ട്രീറ്റ്മെന്റ് ഉപകരണങ്ങളായ ഡിസ്ക് ഫിൽട്ടർ, സ്ലഡ്ജ് ഡീവാട്ടറിംഗ് മെഷീൻ എന്നിവ സ്ഥാപിക്കേണ്ടതുണ്ട്. ഇത് പുതിയ പ്ലാന്റിന്റെ പ്രവർത്തനം തുടങ്ങിയതിനു ശേഷം മാത്രമേ നടത്താൻ കഴിയൂ. മേൽപ്പറഞ്ഞവ പ്ലാന്റിന്റെ പൂർണ്ണ തോതിലുള്ള പ്രവർത്തനത്തിന് തടസ്സമല്ല. മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അനുമതി ലഭിക്കുന്നതിന് പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. പ്ലാന്റ് കമ്മീഷൻ ചെയ്യാൻ സജ്ജമാണ്.



## തെച്ചൻ വിള പാർക്ക് - വിലയിരുത്തൽ പഠനം നടത്തി



തിരുവനന്തപുരം കോർപ്പറേഷനിൽ അമൃത് പദ്ധതിയിലുൾപ്പെടുത്തി നവീകരിച്ച തെച്ചൻ വിള പാർക്കിന്റെ ഗുണഫലങ്ങളെ കുറിച്ചുള്ള വിലയിരുത്തൽ പഠനം നടത്തി. പാർക്കിന്റെ നവീകരണം അമൃത് ഗൈഡ്ലൈനിനു സരിച്ചാണ് നിർമാണം നടത്തിയതെന്ന് ഉറപ്പ് വരുത്തുന്നതിനായാണ് പഠനം നടത്തിയത്. ചോദ്യാവലി തയ്യാറാക്കി തെച്ചൻ വിള പാർക്കിന്റെ ഗുണഭോക്താക്കളെ നേരിൽ കണ്ടാണ് പഠന റിപ്പോർട്ട് തയ്യാറാക്കിയത്.

പാർക്കിന്റെ നിർമാണം, സൗന്ദര്യവത്ക്കരണം, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച ചോദ്യാവലികളാണ് തയ്യാറാക്കിയിരുന്നത്. പാർക്കിന്റെ നവീകരണ പ്രവർത്തനങ്ങൾ, അടിസ്ഥാന ഭൗതീക സൗകര്യങ്ങൾ, പ്രവർത്തന രീതി, പരിപാലനം എന്നിവ സംബന്ധിച്ച തദ്ദേശീയരുടെയും പാർക്ക് ഉപയോഗിക്കുന്നവരുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച് അമൃത് മിഷൻ ഡയറക്ടർക്ക് സമർപ്പിച്ചു. 2021 ആഗസ്റ്റ് 24 നാണ് പഠനം നടത്തിയത്. അമൃത് നഗരങ്ങളിൽ നവീകരിച്ച എല്ലാ പാർക്കുകളിലും ഇത്തരത്തിൽ പഠനം നടത്തുന്നുണ്ട്.





## കോഴിക്കോട്

# ഗരുഡൻ കുളം പാർക്ക് നവീകരണം പൂർത്തിയായി

നടക്കാവ് - വെസ്റ്റ് ഹിൽ റോഡിന് സമീപമുള്ള ഗരുഡൻ കുളം പാർക്ക് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ചു. വളരെ ശോചനീയാവസ്ഥയിലായിരുന്ന പാർക്ക് തദ്ദേശീയരുടെ ആവശ്യങ്ങൾക്കും ആഗ്രഹങ്ങൾക്കും അനുസരിച്ച് പുനരുദ്ധാരണം നടത്തി മനോഹരമാക്കുകയായുരുന്നു. 2436 ചതുരശ്ര മീറ്റർ സ്ഥലമാണ് 0.51 കോടി രൂപ ചെലവിൽ നവീകരിച്ചത്.

നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഓപ്പൺ സ്റ്റേജ്, ഗ്രീൻ റൂം, ടോയ്‌ലെറ്റുകൾ, ബഞ്ചുകൾ,നടപ്പാത, കളിയുപകരണങ്ങൾ, സിപ്‌ലൈൻ, സോളാർ വിളക്കുകൾ മുതലായവ സ്ഥാപിച്ചു. അടിസ്ഥാന ഭൗതീക സൗകര്യങ്ങൾ വർദ്ധിപ്പിച്ച് പാർക്കും കുളവും മനോഹരമാക്കിയതിനാൽ കൂടുതൽ ആളുകൾ ഇവിടം സന്ദർശിക്കുവാനും സാമൂഹ്യമായ ഒത്തുചേരലുകൾക്കും ഇടയാക്കും. കളിയുപകരണങ്ങൾ സ്ഥാപിച്ച് കളിസ്ഥലം വിപുലപ്പെടുത്തിയത് തദ്ദേശീയരായ കുട്ടികൾക്ക് കളിക്കുവാനും ഒത്തുചേരുവാനും സഹായകമാകും. പാർക്കിന് സമീപമുള്ള 300 കുടുംബങ്ങൾക്ക് ഇതിന്റെ നേരിട്ടുള്ള പ്രയോജനം ലഭിക്കും.





## ഗുരുവായൂർ

# ചൂൽപ്പുറം പാർക്ക് നവീകരണം പുരോഗമിക്കുന്നു

ഗുരുവായൂരിലെ മാലിന്യം നിക്ഷേപിച്ചിരിക്കുന്ന ട്രഞ്ചിംഗ് ഗ്രൗണ്ടായിരുന്ന ചൂൽപ്പുറത്ത് മാലിന്യം ശാസ്ത്രീയമായി സംസ്കരിച്ച് തുടങ്ങിയതോടെ ഈ പ്രദേശത്ത് നിലവിൽ നിക്ഷേപിച്ച അജൈവ മാലിന്യങ്ങൾ ഒഴിവാക്കി ഗ്രീൻസ്പേസാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് 37.5 സെന്റ് സ്ഥലത്ത് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 28 ലക്ഷം രൂപയുടെ അടങ്കലിൽ ചൂൽപ്പുറം പാർക്ക് സ്ഥാപിക്കുന്നത്. നടപ്പാത, ടോയ്‌ലറ്റ് ബ്ലോക്ക് & സ്റ്റോർ, ലാന്റ് സ്കേപ്പിംഗ് എന്നിവയാണ് അമൃത് പദ്ധതിയിൽ നിർവ്വഹിക്കുന്നത്.

മൾട്ടി കിഡ് സീസോ (2 എണ്ണം), 3 വേവ് സ്ലൈഡ് (1 എണ്ണം), ഡബിൾ ആർക്ക് സ്വിംഗ് (1 എണ്ണം), 4 സീറ്റർ മെറിഗോ റൗണ്ട് (1 എണ്ണം)ഡക്ക് മെറിഗോ റൗണ്ട് (1 എണ്ണം), നെറ്റ് റോക്ക് സ്ക്രാംബ്ളർ എന്നിവയാണ് ഫെഡറൽ ബാങ്കിന്റെ സി.എസ്.ആർ ഫണ്ട് ഉപയോഗിച്ച് സ്ഥാപിക്കുന്നത്. ടി പാർക്കിന്റെ പ്രവൃത്തി 30.11.2021 ന് മുമ്പായി പൂർത്തിയാക്കുന്നതാണ്.





## പാലക്കാട്

# റോസ് ഗാർഡൻ പാർക്ക് നിർമാണം പൂർത്തിയായി

പാലക്കാട് നഗരസഭയിലെ മാട്ടുമന്ത എന്ന പ്രദേശത്താണ് റോസ് ഗാർഡൻ സ്ഥിതി ചെയ്യുന്നത്. അമൃത് പദ്ധതിയുടെ 2017-18 വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപ ഭരണാനുമതി തുകയ്ക്കാണ് റോസ് ഗാർഡൻ നവീകരണം പൂർത്തീകരിച്ചത്.

പ്രദേശവാസികളായ മുതിർന്നവർക്കും കുട്ടികൾക്കും ഒത്തുകൂടുവാനും കലാപരിപാടികൾ അവതരിപ്പിക്കുന്നതിനും വിനോദങ്ങളിൽ ഏർപ്പെടുവാനും റോസ് ഗാർഡൻ സഹായകമാകും. ചുറ്റുമതിലും കളിയുപകരങ്ങളുമുൾപ്പടെയുള്ള ഭൗതീക സൗകര്യങ്ങൾ ഇവിടെ ഒരുക്കിയിട്ടുണ്ട്. വിനോദ പരിപാടികളുടെ നടത്തിപ്പിലൂടെ പാർക്കിന്റെ പരിപാലനത്തിന് ആവശ്യമായ തുക കണ്ടെത്താൻ സാധിക്കും വിധമാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

തീർത്തും ഉപയോഗശൂന്യമായി കിടന്ന സ്ഥലം നവീകരിച്ചത് പ്രദേശവാസികൾക്കും ഇതുവഴി കടന്നുപോകുന്നവർക്കും പ്രയോജനപ്രദമായി. 24,68,000/- രൂപയ്ക്കാണ് നവീകരണ പ്രവൃത്തികൾ പൂർത്തിയാക്കിയത്.



# പുതിയ വാട്ടർ മീറ്റർ കണക്ഷനുകൾ നൽകുന്ന പദ്ധതി ഒന്നാം ഘട്ടം പൂർത്തിയായി



അമൃത് പദ്ധതിയിലുൾപ്പെടുത്തി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്കായി സൗജന്യ വാട്ടർ കണക്ഷൻ നൽകുന്ന പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയായി. 22500 കുടുംബങ്ങൾക്ക് രണ്ട് ഘട്ടങ്ങളിലായി വാട്ടർ കണക്ഷൻ നൽകുന്ന പദ്ധതിയാണിത്. ഇതിൽ ഒന്നാം ഘട്ടമായി 10000 കുടുംബങ്ങൾക്ക് വാട്ടർ കണക്ഷൻ നൽകി.


7 കോടി രൂപയായിരുന്നു പദ്ധതിയുടെ ഭരണാനുമതി തുക. എന്നാൽ ഗുണഭോക്താക്കളിൽ പലരും ജലവിതരണ ശൃംഖലകളില്ലാത്ത ചേരികളിലും കോളനികളിലും താമസക്കാരായതിനാൽ, പുതിയതായി പൈപ്പ് ലൈനുകൾ സ്ഥാപിക്കേണ്ടി വന്നതിനാൽ പുതുക്കിയ ഭരണാനുമതി തുകയായ 9.28 കോടി രൂപയ്ക്കാണ് പദ്ധതി നടപ്പിലാക്കിയത്. ദിനചര്യകൾക്ക് പൊതു ടാപ്പുകളെ ആശ്രയിച്ചിരുന്ന സാധാരണക്കാർക്ക് വളരെ ഉപകാരപ്രദമാകുന്ന പദ്ധതിയാണിത്. പദ്ധതിയുടെ രണ്ട് ഘട്ടങ്ങളും പൂർത്തിയാകുമ്പോൾ പൊതു ടാപ്പുകൾ കോർപ്പറേഷന് ഒഴിവാക്കാൻ കഴിയും അതിലൂടെ പ്രതിമാസം വെള്ളക്കരത്തിനായി നീക്കി വയ്ക്കുന്ന 25 ലക്ഷം രൂപയുടെ ചെലവും കുറയും.





**കണ്ണൂർ**

# സൈക്കിൾ ട്രാക്ക് നിർമാണം പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലേയ്ക്ക്



കണ്ണൂർ കോർപ്പറേഷൻ പരിധിയിൽ പഴയ സംഗീത ടാക്കീസ് മുതൽ പയ്യാമ്പലം ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ വരെ 418 മീറ്റർ ദൂരത്തിൽ 2.20 മീറ്റർ വീതിയിൽ സൈക്കിൾ ട്രാക്ക് നിർമാണം പൂർത്തിയാകുന്നു. 30 ലക്ഷം രൂപയാണ് പദ്ധതിയുടെ ചെലവ്. കണ്ണൂർ ജില്ലയിൽ തന്നെ ആദ്യത്തെ സൈക്കിൾ ട്രാക്കാണിത്. 2 സൈക്കിൾ ട്രാക്കുകളാണ് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമിക്കുന്നത്. പയ്യാമ്പലം ഉർസിലിൻ സ്കൂൾ മുതൽ പ്രഭാത് ജംഗ്ഷൻ വരെ 2 കി.മീ. ദൈർഘ്യമുള്ള രണ്ടാമത്തെ സൈക്കിൾ ട്രാക്കിന്റെ പണി അന്തിമ ഘട്ടത്തിലാണ്.

അന്തരീക്ഷ മലിനീകരണ തോത് ഉയർന്നുവരുന്ന ഈ കാലഘട്ടത്തിൽ സൈക്കിൾ സവാരി മലിനീകരണം കുറയ്ക്കുന്നതിനോടൊപ്പം ആരോഗ്യം നിലനിർത്തുന്നതിനും സഹായിക്കും. കണ്ണൂർ കോർപ്പറേഷൻ ആയതോടെ നഗരവത്ക്കരണ തോത് വളരെയധികം വർദ്ധിച്ചിട്ടുണ്ട്. വിമാനത്താവളം തുടങ്ങിയ ആധുനിക സംവിധാനങ്ങൾ കണ്ണൂരിന്റെ മുഖഛായ തന്നെ മാറ്റി. തിരക്കേറുന്നതോടെ സുരക്ഷിതമായി ആളുകൾക്ക് സഞ്ചരിക്കുന്നതിനും സൈക്കിൾ സവാരി നടത്തുന്നതിനും ഈ സൈക്കിൾ ട്രാക്കുകൾ പ്രയോജനപ്രദമായിരിക്കും.

അമൃത് പദ്ധതിയിലെ അർബൻ ട്രാൻസ്പോർട്ട് സെക്ടറിൽ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതികൾക്കായി 2.01 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പദ്ധതി പൂർത്തിയാകുന്നതോടെ സമീപ പ്രദേശത്തത്തുള്ള സ്കൂൾ വിദ്യാർത്ഥികൾക്കും മിലിറ്ററി ഉദ്യോഗസ്ഥർക്കും ഇതിന്റെ പ്രയോജനം ലഭിക്കും.





> ***"അമൃത് പദ്ധതിയിലെ അർബൻ ട്രാൻസ്പോർട്ട് സെക്ടറിൽ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതികൾക്കായി 2.01 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പദ്ധതി പൂർത്തിയാകുന്നതോടെ സമീപ പ്രദേശത്തത്തുള്ള സ്കൂൾ വിദ്യാർത്ഥികൾക്കും മിലിറ്ററി ഉദ്യോഗസ്ഥർക്കും ഇതിന്റെ പ്രയോജനം ലഭിക്കും.***

## തൃശ്ശൂർ

# ഒല്ലൂർ - എടക്കുന്നി ശുദ്ധജല വിതരണ പദ്ധതി പൂർത്തീകരണ ഘട്ടത്തിലേയ്ക്ക്

തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ ഉൾപ്പെട്ട ഒല്ലൂർ - എടക്കുന്നി മേഖലകളിലേയ്ക്ക് ശുദ്ധജല വിതരണം നടത്തുന്നതിന്റെ ഭാഗമായി 20 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണിയും 16 കി.മീ. ദൈർഘ്യമുള്ള വിതരണ ശൃംഖലയും സ്ഥാപിക്കുന്ന പദ്ധതി പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു.

2015-16 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 23.02.2017 ൽ 11.40 കോടി രൂപയുടെ ഭരണാനുമതിയും 03.05.2017 ൽ സാങ്കേതികാനുമതിയും ലഭിച്ചു. 03.05.2017 ൽ കൂടിയ 28-ാമത് അമൃത് ഉന്നതാധികാര സമിതി യോഗം 13.96 കോടി രൂപയായി ഭരണാനുമതി തുക പുതുക്കി നൽകുന്നതിന് അനുമതി നൽകി.

പദ്ധതി പ്രകാരം തൃശ്ശൂർ കോർപ്പറേഷനിലെ ഒല്ലൂർ - എടക്കുന്നി മേഖലകളിൽ പൂർണ്ണമായും പ്രതിദിനം ഒരാൾക്ക് 150 ലിറ്റർ എന്ന തോതിൽ 48734 പേർക്ക് ശുദ്ധജലം ലഭ്യമാക്കാൻ സാധിക്കും പദ്ധതിയുടെ 97% പൂർത്തിയാക്കിയിട്ടുണ്ട്.





തൃശ്ശൂർ - വഞ്ചിക്കുളം പാർക്കിലെ ശിലാശിൽപ്പത്തിന്റെ നിർമാണോദ്ഘാടനം ബഹു. മേയറും ബഹു.എം.എൽ.എ ശ്രീ. പി. ബാലചന്ദ്രനും ചേർന്ന് നിർവ്വഹിക്കുന്നു

## സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സന്ദർശിച്ചു

ഇലക്ട്രോ കൊയാഗുലേഷൻ സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഹൈദരാബാദിലെ സർദാർ വല്ലഭായി പട്ടേൽ നാഷണൽ പോലീസ് അക്കാദമിയിലെ 300 കെ.എൽ.ഡി. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഷ്വറൻസ് ആന്റ് റിസ്ക് മാനേജ്മെന്റ് ക്യാംപസിലൈ 150 കെ.എൽ.ഡി. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, ആർ.വി.എം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് റിസർച്ച് സെന്ററിലെ 500 കെ.എൽ.ഡി. സ്വീവേജ് ട്രീറ്റ്മെന്റ്



പ്ലാന്റ് എന്നിവ മേയർ, ഡെപ്യൂട്ടി മേയർ, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, പൊതുമരാമത്ത്കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, ടാക്സ് അപ്പീൽകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ,



കൗൺസിലർമാർ, സെക്രട്ടറി, സൂപ്രണ്ടിംഗ് എഞ്ചിനീയർ, അഡീഷണൽ സെക്രട്ടറി, പി.എ. ടു മേയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അമൃത് ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന സംഘം 03.08.2021 ന് സന്ദർശിച്ചു. സ്വിവറേജ് ആന്റ് സെപ്റ്റേജ് മാനേജ്മെന്റ് സെക്ടറിൽ ഉൾപ്പെടുത്തി തൃശ്ശൂർ രാമവർമപുരത്തും ജനറൽ ആശുപത്രി പരിസരത്തും നിർമിക്കുന്ന പ്ലാന്റുകളുടെ പ്രവർത്തനരീതി നേരിൽ കണ്ട് മനസ്സിലാക്കുവാനായിരുന്നു സന്ദർശനം.





സാന്ത്വന പി.എസ്.

**"ഡി.പി.ആർ.ഘട്ടം മുതൽ പദ്ധതികളുടെ പൂർത്തീകരണം വരെ സൂക്ഷ്മമായി വിലയിരുത്തുവാനും, ജി.ഐ.എസ്. മാസ്റ്റർ പ്ലാനിനെകുറിച്ച് പഠിക്കുവാനും. സ്ലഡ്ജ് മാനേജ്മെന്റിലെ നൂതന സംവിധാനങ്ങളെ കുറിച്ച് മനസ്സിലാക്കുവാനും എനിക്ക് അവസരം ലഭിച്ചു."**




കേന്ദ്ര സർക്കാരിന്റെ ടുലിപ് പദ്ധതിയുടെ ഭാഗമായി സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ്, അമൃത് മിഷനിൽ അർബൻ പ്ലാനിംഗ് അർബൻ റിഫോംസ് ആന്റ് അർബൻ അമ്നിറ്റീസ് ഇന്റേണായാണ് ഞാൻ പ്രവർത്തിക്കുന്നത്. സിവിൽ എഞ്ചിനീയറിംഗ് ബിരുദധാരിയായ എനിക്ക് ലഭിച്ച വലിയ തുടക്കമാണ് ഈ അവസരം. കാര്യക്ഷമമായി ജോലി ചെയ്യാനും പ്രതിസന്ധികളെ ആർജ്ജവത്തോടെ മറികടക്കുന്നതിനും ഈ ഇന്റേൺഷിപ്പിലൂടെ പഠിക്കുവാൻ സാധിച്ചു. 3 അമൃത് നഗരങ്ങളുടെ പദ്ധതികൾ അടുത്തറിയുന്നതിനുള്ള അവസരമാണ് എനിക്ക് ലഭിച്ചത്. എന്റെ ജന്മനാടായ ഗുരുവായൂരിന്റെ വികസന പദ്ധതികളിൽ പങ്കാളിയാകാൻ സാധിച്ചതിൽ ഞാൻ അഭിമാനിക്കുന്നു. അക്കാദമിക് തലത്തിലെ അറിവിൽ നിന്ന് പ്രായോഗിപരിജ്ഞാനത്തിലേക്ക് വളരുവാൻ ഇന്റേഷിപ്പ് എന്നെ സഹായിക്കുന്നുണ്ട്.

ഡി.പി.ആർ.ഘട്ടം മുതൽ പദ്ധതികളുടെ പൂർത്തീകരണം വരെ സൂക്ഷ്മമായി വിലയിരുത്തുവാനും, ജി.ഐ.എസ്. മാസ്റ്റർ പ്ലാനിനെകുറിച്ച് പഠിക്കുവാനും സ്ലഡ്ജ് മാനേജ്മെന്റിലെ നൂതന സംവിധാനങ്ങളെ കുറിച്ച് മനസ്സിലാക്കുവാനും എനിക്ക് അവസരം ലഭിച്ചു. ഈ കാലയളവിൽ 31 നഗരസഭകളിൽ നടപ്പിലാക്കിയ ജൽ ശക്തി അഭിയാൻ പൈലറ്റ് പ്രോജക്ടിന്റെ കോ ഓർഡിനേഷൻ പ്രക്രിയയിൽ പങ്കെടുക്കുവാനും പദ്ധതികൾ വിലയിരുത്തുവാനും സാധിച്ചു.

പൂർത്തിയാക്കപ്പെട്ട പാർക്കുകളുടെയും ഗ്രീൻ സ്പെയ്സുകളുടെയും ഇംപാക്ട് അസസ്സ്മെന്റ് നടത്തുന്നതിനാൻ ഓപ്പറേഷൻ ആന്റ് മാനേജ്മെന്റ് എങ്ങനെ നല്ലരീതിയിൽ നടത്താമെന്ന നിർദ്ദേശങ്ങൾ നഗരസഭകൾക്ക് നൽകുവാൻ സാധിക്കുന്നു. രാജ്യത്തെ നഗരങ്ങളുടെ അടിസ്ഥാന ഭൗതീക സൗകര്യ വികസന പ്രക്രീയയിൽ ഭാഗമാകാൻ കഴിഞ്ഞതിൽ ഞാൻ അഭിമാനിക്കുന്നു. കൃത്യനിഷ്ഠ, വ്യക്തിത്വ വികാസം, തൊഴിൽ വൈദഗ്ദ്ധ്യം, പ്രോജക്ട് മാനേജ്മെന്റ് എന്നിവയും ഈ ഇന്റേൺഷിപ്പിലൂടെ സ്വായത്തമാക്കാൻ സാധിച്ചു.

കേന്ദ്ര സർക്കാരിന്റെ അമൃത് ഇന്റേൺഷിപ്പിൽ അർബൻ പ്ലാനിംഗ് സെക്ടറിൽ ഇന്റേൺഷിപ്പ് ചെയ്യുവാൻ സാധിച്ചതിൽ ഞാൻ വളരെയധികം അഭിമാനിക്കുന്നു. കണ്ണൂർ കോർപ്പറേഷനിൽ അമൃത് പദ്ധതി പ്രകാരം നടത്തിവരുന്ന വിവിധ പ്രോജക്ടുകളെ കുറിച്ച് പഠിക്കുവാനും സൈറ്റ് സൂപ്പർവൈസ് ചെയ്യാനും ഇതിനോടകം സാധിച്ചു. കരിയർ തുടങ്ങുന്ന ഒരാൾ എന്ന നിലയിൽ സിവിൽ എഞ്ചിനീയറിംഗ് വിഷയത്തിലെ അറിവ് മാത്രമുള്ള എനിക്ക് സർക്കാർ പ്രോജക്ടുകളുടെ നടപടിക്രമങ്ങളും നിർവ്വഹണ രീതിയും മനസ്സിലാക്കാൻ സാധിച്ചു. എം.എസ്. പ്രോജക്ടിന്റെ സഹായത്തോടെ വർക്ക് ഷെഡ്യൂളിംഗും, ഡാറ്റാ അനാലിസിസും, സൈറ്റ് സൂപ്പർ വിഷനിലുടെ സൈറ്റിലെ പ്രവർത്തന രീതികളും മനസ്സിലാക്കുവാൻ സാധിച്ചു. വളർന്നു വരുന്ന യുവ എഞ്ചിനീയർ എന്ന നിലയിൽ പ്രോജക്ട് മാനേജ്മെന്റ് ഫീൽഡിൽ അനുഭവജ്ഞാനമുള്ള മുതിർന്ന ഉദ്യോഗസ്ഥരുടെ കൂടെ വർക്ക് ചെയ്യുവാൻ സാധിച്ചത് എന്റെ കരിയറിലെ വഴിത്തിരിവായി ഞാൻ കണക്കാക്കുന്നു. കണ്ണൂരിന്റെ വികസന പ്രവർത്തനങ്ങളിൽ അമൃത് പദ്ധതി വഴി എനിക്കും ഭാഗമാകുവാൻ കഴിഞ്ഞതിൽ ഞാൻ അഭിമാനിക്കുന്നു.



അക്ഷയ സി

**"വളർന്നു വരുന്ന യുവ എഞ്ചിനീയർ എന്ന നിലയിൽ പ്രോജക്ട് മാനേജ്മെന്റ് ഫീൽഡിൽ അനുഭവജ്ഞാനമുള്ള മുതിർന്ന ഉദ്യോഗസ്ഥരുടെ കൂടെ വർക്ക് ചെയ്യുവാൻ സാധിച്ചത് എന്റെ കരിയറിലെ വഴിത്തിരിവായി ഞാൻ കണക്കാക്കുന്നു."**





**കൊച്ചി – തേവര ജലസംഭരണി**



**ആലപ്പുഴ – തുമ്പോളി പൊഴി നവീകരണം**



കൊല്ലം - ചിന്നക്കട സ്റ്റെയർകേസ്



തിരുവനന്തപുരം - മെഡിക്കൽ കോളേജ് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്



കണ്ണൂർ -ചേലോറ പാർക്ക്



കണ്ണൂർ - സ്റ്റോം വാട്ടർ ഡ്രെയിനേജ് പദ്ധതി

# അമൃത് പദ്ധതി സൂചിക (31.08.2021 പ്രകാരം)

## കേരളം
2357.69 കോടി രൂപയുടെ 1002 പദ്ധതികൾ
2290.28 കോടി രൂപയുടെ 1002 പദ്ധതികൾക്ക് ഭരണാനുമതി
2178.17 കോടി രൂപയുടെ 1000 പദ്ധതികൾക്ക് സാങ്കേതികാനുമതി
2165.55 കോടി രൂപയുടെ 997 പദ്ധതികൾ ടെന്റർ ചെയ്തു
2000 കോടി രൂപയുടെ 978 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
721 പദ്ധതികൾ പൂർത്തീകരിച്ചു. 1196.85 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## തിരുവനന്തപുരം
357.50 കോടി രൂപയുടെ 270 പദ്ധതികൾ
360.12 കോടി രൂപയുടെ 270 പദ്ധതികൾക്ക് ഭരണാനുമതി
331.24 കോടി രൂപയുടെ 270 പദ്ധതികൾക്ക് സാങ്കേതികാനുമതി
331.24 കോടി രൂപയുടെ 270 പദ്ധതികൾ ടെന്റർ ചെയ്തു
317.04 കോടി രൂപയുടെ 263 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
225 പദ്ധതികൾ പൂർത്തീകരിച്ചു. 200.55 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## കൊല്ലം
253.45 കോടി രൂപയുടെ 58 പദ്ധതികൾ
206.69 കോടി രൂപയുടെ 58 പദ്ധതികൾക്ക് ഭരണാനുമതി
203.51 കോടി രൂപയുടെ 58 പദ്ധതികൾക്ക് സാങ്കേതികാനുമതി
203.51 കോടി രൂപയുടെ 58 പദ്ധതികൾ ടെന്റർ ചെയ്തു
177.12 കോടി രൂപയുടെ 55 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
35 പദ്ധതികൾ പൂർത്തീകരിച്ചു. 64.22 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## ആലപ്പുഴ
222.70 കോടി രൂപയുടെ 195 പദ്ധതികൾ
219.68 കോടി രൂപയുടെ 195 പദ്ധതികൾക്ക് ഭരണാനുമതി
218.10 കോടി രൂപയുടെ 195 പദ്ധതികൾക്ക് സാങ്കേതികാനുമതി
214.62 കോടി രൂപയുടെ 192 പദ്ധതികൾ ടെന്റർ ചെയ്തു
209.65 കോടി രൂപയുടെ 188 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
131 പദ്ധതികൾ പൂർത്തീകരിച്ചു. 151.03 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## കൊച്ചി
328.77 കോടി രൂപയുടെ 98 പദ്ധതികൾ
272.06 കോടി രൂപയുടെ 98 പദ്ധതികൾക്ക് ഭരണാനുമതി
264.46 കോടി രൂപയുടെ 98 പദ്ധതികൾക്ക് സാങ്കേതികാനുമതി
264.46 കോടി രൂപയുടെ 98 പദ്ധതികൾ ടെന്റർ ചെയ്തു
216.23 കോടി രൂപയുടെ 95 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
77 പദ്ധതികൾ പൂർത്തീകരിച്ചു. 133.84 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## തൃശ്ശൂർ
269.93 കോടി രൂപയുടെ 109 പദ്ധതികൾ
259.62 കോടി രൂപയുടെ 109 പദ്ധതികൾക്ക് ഭരണാനുമതി
238.05 കോടി രൂപയുടെ 108 പദ്ധതികൾക്ക് സാങ്കേതികാനുമതി
238.05 കോടി രൂപയുടെ 108 പദ്ധതികൾ ടെന്റർ ചെയ്തു
191.75 കോടി രൂപയുടെ 107 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
75 പദ്ധതികൾ പൂർത്തീകരിച്ചു. 128.52 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## ഗുരുവായൂർ
203.10 കോടി രൂപയുടെ 34 പദ്ധതികൾ
218.30 കോടി രൂപയുടെ 34 പദ്ധതികൾക്ക് ഭരണാനുമതി
213.71 കോടി രൂപയുടെ 33 പദ്ധതികൾക്ക് സാങ്കേതികാനുമതി
213.71 കോടി രൂപയുടെ 33 പദ്ധതികൾ ടെന്റർ ചെയ്തു
213.71 കോടി രൂപയുടെ 33 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
11 പദ്ധതികൾ പൂർത്തീകരിച്ചു. 133.85 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## പാലക്കാട്
221.76 കോടി രൂപയുടെ 150 പദ്ധതികൾ
220.02 കോടി രൂപയുടെ 150 പദ്ധതികൾക്ക് ഭരണാനുമതി
202.11 കോടി രൂപയുടെ 150 പദ്ധതികൾക്ക് സാങ്കേതികാനുമതി
198.32 കോടി രൂപയുടെ 150 പദ്ധതികൾ ടെന്റർ ചെയ്തു
174.66 കോടി രൂപയുടെ 149 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
101 പദ്ധതികൾ പൂർത്തീകരിച്ചു. 129.45 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## കോഴിക്കോട്
274.76 കോടി രൂപയുടെ 50 പദ്ധതികൾ
308.14 കോടി രൂപയുടെ 50 പദ്ധതികൾക്ക് ഭരണാനുമതി
307.46 കോടി രൂപയുടെ 50 പദ്ധതികൾക്ക് സാങ്കേതികാനുമതി
302.23 കോടി രൂപയുടെ 50 പദ്ധതികൾ ടെന്റർ ചെയ്തു
302.23 കോടി രൂപയുടെ 50 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
42 പദ്ധതികൾ പൂർത്തീകരിച്ചു. 114.83 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## കണ്ണൂർ
225.72 കോടി രൂപയുടെ 38 പദ്ധതികൾ
225.65 കോടി രൂപയുടെ 38 പദ്ധതികൾക്ക് ഭരണാനുമതി
199.54 കോടി രൂപയുടെ 38 പദ്ധതികൾക്ക് സാങ്കേതികാനുമതി
199.42 കോടി രൂപയുടെ 38 പദ്ധതികൾ ടെന്റർ ചെയ്തു
197.61 കോടി രൂപയുടെ 38 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
24 പദ്ധതികൾ പൂർത്തീകരിച്ചു. 140.57 കോടി രൂപ നാളിതുവരെ ചെലവഴിച്ചു







Printed and Published by State Mission Management Unit, AMRUT, Local Self Government Department, Government of Kerala, 4th Floor, Meenakshi Plaza, Artech Building, Opp. Govt. Hospital for Women & Children, Thycaud Thiruvananthapuram - 695014